# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4275 — 13/12/2018-ൽ മറുപടിക്ക്

### വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.വി.അബ്ദുൾ ഖാദർ**<br>**ശ്രീമതി.പി. അയിഷാ പോറ്റി**<br>**ശ്രീ.കാരാട്ട് റസാഖ്**<br>**,, ഡി.കെ. മുരളി** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ടോ; | (എ) & (ബി) | ലഘൂകരിച്ചിട്ടുണ്ട്. വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ആണ്. സപ്ലൈ കോഡ് 2014 ൽ, വൈദ്യുതി കണക്ഷൻ ലഭിക്കാൻ നിഷ്കർഷിച്ചിട്ടുള്ള വിവിധ രേഖകൾ ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അതു പരിഹരിക്കുവാനായി നടപടിക്രമങ്ങൾ ലഘൂകരിക്കുവാനും സാധാരണ ഗതിയിൽ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവ മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ട വിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്തുവാനും കേരള സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് റെഗുലേറ്ററി കമ്മീഷൻ ചട്ടങ്ങളിൽ മാറ്റം വരുത്തുകയും കെ.എസ്.ഇ.ബി അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | വൈദ്യുതി കണക്ഷൻ ലഭിക്കാൻ നിലവിൽ എന്തെല്ലാം രേഖകളാണ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതെന്ന് വ്യക്തമാക്കാമോ; | | |
| (സി) | ഉപഭോക്താവിന് സ്ഥലത്തിന്മേലുള്ള നിയമപരമായ അവകാശം തെളിയിക്കുന്നതിനായി ഏതെല്ലാം രേഖകളാണ് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | സ്ഥലത്തിന്റെ കൈവശാവകാശ രേഖയോ നടപ്പ് വർഷത്തെ കരമടച്ച രസീതോ ആണ് സ്ഥലത്തിന്റെ നിയമപരമായ അവകാശം തെളിയിക്കുന്നതിനായി പരിഗണിക്കുന്നത്. വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനായി സ്ഥലത്തിന്റെ കൈവശാവകാശ രേഖ, നടപ്പ് വർഷത്തെ കരമടച്ച രസീതിന്റെ പകർപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളോ റവന്യൂ അധികാരികളോ നൽകുന്ന ബിൽഡിങ്ങിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, ആധാരത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, മുൻസിപ്പാലിറ്റിയിൽ നിന്നോ കോർപ്പറേഷനിൽ നിന്നോ പഞ്ചായത്തിൽ നിന്നോ |

(...2)

| | | | |
|---|---|---|---|
| | | | ലഭിക്കുന്ന താമസ സാക്ഷ്യപത്രം (റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്) എന്നിവയിലേതെങ്കിലും ഉടമസ്ഥാവകാശരേഖയായി പരിഗണിക്കുന്നതാണ്. (വാടകക്കാരാണെങ്കിൽ വാടകകരാറിന്റെ പകർപ്പും ഉടമസ്ഥന്റെ പക്കൽനിന്നുള്ള 'നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും' ഉടമസ്ഥാവകാശ പത്രവും ഹാജരാക്കേണ്ടതുണ്ട് ). ഈ രേഖകൾക്കു പുറമെ, ഗാർഹിക വൈദ്യുതി കണക്ഷന് വേണ്ടി, വൈദ്യുതി കണക്ഷൻ ആവശ്യമായ സ്ഥലത്തിന്റെ മേൽവിലാസത്തിലുള്ളവയാണെങ്കിൽ, റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച ഐ ഡി കാർഡ്, ഇലക്ഷൻ ഐ ഡി കാർഡ് , ആധാർ കാർഡ്, ഇന്ത്യൻ പാസ്പോർട്ട്, NPR കാർഡ്, സർക്കാർ കമ്പനികളുടെയോ അംഗീകൃത ഏജൻസികളുടെയോ ഏറ്റവും പുതിയ ജലം /ഗ്യാസ്/ ടെലിഫോൺ ബില്ലുകൾ, തൊഴിലുറപ്പ് പദ്ധതിയുടെ കാർഡ്, തുടങ്ങിയ രേഖകളിലേതെങ്കിലുമൊന്ന് ഉടമസ്ഥാവകാശ രേഖയായി ഹാജരാക്കിയാൽ മതിയാവുന്നതാണ്. ഗാർഹിക വൈദ്യുതി കണക്ഷന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ബിൽഡിംഗ് പെർമിറ്റ്/ പ്ലാൻ എന്നിവയും ഉടമസ്ഥാവകാശ രേഖയായി അംഗീകരിച്ചിട്ടുണ്ട് . |
| (ഡി) | എത്ര ചതുരശ്ര അടിയിൽ താഴെ പ്ലിന്ത് ഏരിയയുള്ള വീടുകൾക്കാണ് വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് സ്ഥലത്തിന്മേലുള്ള നിയമപരമായ അവകാശം തെളിയിക്കുന്നതിന് പ്രത്യേകം രേഖ ആവശ്യമില്ല എന്ന് നിർദ്ദേശിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ? | (ഡി) | 1076 ചതുരശ്ര അടിയോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ രേഖയില്ലെങ്കിലും വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. 1500 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് താല്ക്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വൈദ്യുതി കണക്ഷൻ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ